REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 08-04-2026 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- പതിനാറാം കേരള നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. സംസ്ഥാനത്തെ രണ്ട് കോടി 71 ലക്ഷത്തോളം വോട്ടർമാരിൽ വലിയൊരു പങ്കും നാളെ പോളിംഗ് ബൂത്തിലെത്തും.
- സംസ്ഥാനത്ത് പോളിംഗ് സാമഗ്രികളുടെ വിതരണം ആരംഭിച്ചു.
- മുദ്ര യോജന യുവാക്കൾക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.
- ബാങ്ക് നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ പണനയം പ്രഖ്യാപിച്ചു.
- IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

## വാർത്തകൾ വിശദമായി

**പതിനാറാം കേരള നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. പുതിയ ഗവണ്മെന്റിനെ തിരഞ്ഞെടുക്കാൻ സംസ്ഥാനത്തെ രണ്ട് കോടി 71 ലക്ഷത്തോളം വോട്ടർമാരിൽ വലിയൊരു പങ്കും നാളെ പോളിംഗ്ബൂത്തിലെത്തും. സംസ്ഥാനത്ത് 30,495 ബൂത്തുകളാണ് സജ്ജമാക്കുന്നത്. ഒരു ബൂത്തിൽ പരമാവധി 1,200 വോട്ടർമാരാണ് ഉണ്ടാവുക. 53,984 സർവീസ് വോട്ടർമാരും സംസ്ഥാനത്തുണ്ട്. 883 സ്ഥാനാർത്ഥികളാണ് മത്സര രംഗത്ത്.**

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)....**

**വോയ്സ്- തിരഞ്ഞെടുപ്പ് - LEAD**

**രാവിലെ ഏഴു മുതൽ വൈകിട്ട് ആറ് വരെയാണ് വോട്ടെടുപ്പ്. ലോക്സഭാ തിരഞ്ഞെടുപ്പിനെ അപേക്ഷിച്ച് ഇത്തവണ അയ്യായിരത്തിലേറെ ബൂത്തുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 2,040 പ്രശ്നസാധ്യതാ ബൂത്തുകളിൽ സുരക്ഷയ്ക്കായി 160 കമ്പനി കേന്ദ്രസേനയെ നിയോഗിച്ചിട്ടുണ്ട്. ഇവരുൾപ്പെടെ സ്പെഷ്യൽ പൊലീസും വൊളണ്ടിയർമാരുമടക്കം 76,000 പേരാണ് വോട്ടെടുപ്പിന് സുരക്ഷയൊരുക്കുന്നത്.**

**ഇന്ന് മുതൽ വോട്ടെടുപ്പ് തീരുന്ന നാളെ വൈകിട്ട് ആറ് വരെയും, വോട്ടെണ്ണൽ ദിവസമായ മെയ് നാലിനും സംസ്ഥാനത്ത് സമ്പൂർണ മദ്യനിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അതിർത്തി ജില്ലകൾക്കും നിരോധനം ബാധകമാണ്. തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാനമെങ്ങും 2,700 പേരെ കരുതൽ തടങ്കലിലാക്കി.**

**നാളത്തെ വോട്ടെടുപ്പിന് മുന്നോടിയായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും ഒരുക്കങ്ങൾ പൂർത്തിയാക്കുന്ന തിരക്കിലാണ്. രാവിലെ എട്ട് മുതൽ പോളിംഗ് സാമഗ്രികളുടെ വിതരണം ആരംഭിച്ചു. ഉദ്യോഗസ്ഥരെ പ്രത്യേക വാഹനങ്ങളിലാണ് വോട്ടിംഗ് കേന്ദ്രങ്ങളിലെത്തിക്കുന്നത്. പൊലീസും, റൂട്ട് ഓഫീസറും ഉദ്യോഗസ്ഥരെ അനുഗമിക്കും.**

**വിതരണ കേന്ദ്രങ്ങളിലും, പോളിംഗ് കേന്ദ്രങ്ങളിലും വിപുലമായ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. വോട്ടെുപ്പിന് ശേഷം ഉദ്യോഗസ്ഥർ വിതരണ കേന്ദ്രങ്ങളിൽ തന്നെയാണ് സാമഗ്രികൾ തിരിച്ചേൽപ്പിക്കേണ്ടത്.**

**ഒരോ പോളിംഗ് സ്റ്റേഷനിലെയും ഡ്യൂട്ടി ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വോട്ടിംഗ് കേന്ദ്രങ്ങളിൽ പ്രദർശിപ്പിക്കും. കൂടാതെ പോളിംഗ് ഉദ്യോഗസ്ഥരെ കൊണ്ടുപോകുന്ന വാഹനത്തിന്റെ റൂട്ട് നമ്പർ, റൂട്ട് ഓഫീസറുടെ പേര്, ഫോൺ നമ്പർ, വാഹനങ്ങൾ പാർക്ക് ചെയ്ത സ്ഥലം എന്നിവയും പോളിംഗ് കേന്ദ്രത്തിൽ പ്രദർശിപ്പിക്കും.**

✪✪✪

**സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രക്രിയക്ക് ഹരിതചട്ടം പാലിക്കണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഒഴിവാക്കി, സ്റ്റീൽ പാത്രങ്ങളും, ഗ്ലാസുകളും ബൂത്തുകളിൽ ഉപയോഗിക്കണം. പോളിംഗ് ബൂത്തുകളിൽ മാലിന്യം കൈകാര്യം ചെയ്യാൻ മൂന്ന് ബിന്നുകൾ സ്ഥാപിക്കും. ഹരിതചട്ടം പാലിച്ച് ഭക്ഷണം വിതരണം ചെയ്യാൻ എല്ലാ പോളിംഗ് ബൂത്തുകളിലും കുടുംബശ്രീ യൂണിറ്റുകളെ**

ചുമതലപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുപ്പിന് ശേഷം പോളിംഗ് ബൂത്തുകളിലെ മാലിന്യം ഹരിതകർമ്മസേനയാണ് ശേഖരിക്കുക. ഹരിതചട്ടം പാലിക്കുന്നത് കലക്ടറുടെ നേതൃത്വത്തിലെ പ്രത്യേക സ്ക്വാഡുകൾ നിരീക്ഷണത്തിന് വിധേയമാക്കുമെന്നും കമ്മീഷൻ അറിയിച്ചു.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പ് പ്രക്രിയ സുരക്ഷിതമായും സമാധാനപരമായും നടത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിൽ ആളുകളുടെ കൂട്ടംചേരൽ വിലക്കി ജില്ലാ കലക്ടർ ഉത്തരവിട്ടു. ഇന്ന് രാവിലെ ആറ് മുതൽ മറ്റന്നാൾ രാവിലെ ആറ് വരെയാണ് നിരോധനം.

തിരഞ്ഞെടുപ്പ് കൃത്യനിർവഹണത്തിന് ഇത് ബാധകമല്ല. ഘോഷയാത്രകൾ, പൊതുയോഗങ്ങൾ, പ്രകടനങ്ങൾ തുടങ്ങിയവ ഈ സമയത്ത് നടത്താൻ പാടില്ല.

✪✪✪

നിയമസഭ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സുരക്ഷാ മുൻകരുതൽ നടപടികളുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പടക്കക്കടകൾ മറ്റന്നാൾ വരെ അടച്ചിടണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിങ് അറിയിച്ചു. ഇന്നലെ കണ്ണൂർ ജില്ലയിലും പടക്ക ശാലകൾ അടച്ചിടാൻ നിർദേശം നൽകിയിരുന്നു.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പ് നിരീക്ഷിക്കാനും വിലയിരുത്താനും വിദേശ രാജ്യങ്ങളിലെ വിദഗ്ധ സംഘങ്ങൾ നാളെ തെരഞ്ഞെടുപ്പ് നടക്കുന്ന കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.

കേരളം സന്ദർശിക്കുന്ന എട്ടംഗ വിദേശ സംഘം ഇന്ന് തിരുവനന്തപുരത്തുമെത്തും. പോളിംഗ് സാമഗ്രി വിതരണ കേന്ദ്രങ്ങൾ, കൺട്രോൾ റൂമുകൾ എന്നിവിടങ്ങൾ സംഘം സന്ദർശിക്കും.

✪✪✪

വോട്ടെടുപ്പ് ദിവസം പോളിംഗ് ഏജന്റുമാരെ ബൂത്തിലിരിക്കാൻ അനുവദിക്കില്ലെന്ന തരത്തിൽ ചില മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വ്യക്തമാക്കി. ഏജന്റുമാരെ സംബന്ധിച്ച ഇപ്പോഴത്തെ മാർഗ നിർദേശങ്ങളിൽ മാറ്റം വരുത്തിയിട്ടില്ലെന്ന് കമ്മീഷൻ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പ്രഥമ ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലേക്ക് പോളിംഗ് സാമഗ്രികളുമായി തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥ സംഘം യാത്ര തിരിച്ചു.. ദേവികുളം നിയോജകമണ്ഡലത്തിലെ വിദൂര ഗ്രാമങ്ങളിലേക്കും തോട്ടം മേഖലകളിലേക്കും പോളിംഗ് ഉദ്യോഗസ്ഥർ ഉച്ചയ്ക്കു മുമ്പുതന്നെ പോളിങ് സാമഗ്രികളുമായി ബൂത്തുകളിലേക്ക് പുറപ്പെട്ടു.

✪✪✪

കാട്ടാക്കടയിലെ വിവാദ പ്രസംഗത്തിൽ BJP സ്ഥാനാർഥിക്കെതിരെ KPCC അംഗം JS അഖിൽ തിരഞ്ഞെടുപ്പ് കമ്മിഷനും DGP യ്ക്കും പരാതി നൽകി. ഏപ്രിൽ 5ന് കാട്ടാക്കടയിൽ തിരഞ്ഞെടുപ്പ് റാലിക്കിടെ, മതവിഭാഗങ്ങളെ ലക്ഷ്യമിട്ട് വിദ്വേഷപരവും പ്രകോപനപരവുമായ പ്രസംഗം നടത്തിയെന്നാണ് പരാതിയിലെ ആരോപണം.

✪✪✪

പ്രധാൻമന്ത്രി മുദ്ര യോജന യുവാക്കൾക്കിടയിൽ സ്വയം തൊഴിൽ പ്രോത്സാഹിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 2015 ൽ ആരംഭിച്ച പദ്ധതി ഇന്ന് 11 വർഷം പൂർത്തിയാക്കുകയാണ്. വ്യക്തികൾക്ക് ശരിയായ അവസരങ്ങൾ നൽകുമ്പോൾ അവർക്ക് സ്വയംപര്യാപ്തരാകാനും രാജ്യത്തിന്റെ പുരോഗതിക്ക് സംഭാവന നൽകാനും കഴിയുമെന്ന് പദ്ധതി തെളിയിച്ചെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ബാങ്ക് നിരക്കിൽ മാറ്റം വരുത്താതെ റിസർവ് ബാങ്ക് ദ്വൈമാസ പണനയം പ്രഖ്യാപിച്ചു. റിപ്പോനിരക്ക് 5.25 ശതമാനമായി തുടരും. നയ അവലോകന സമിതി ഏകകണ്ഠമായാണ് നിരക്കിൽ മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ചത്. നടപ്പു സാമ്പത്തിക വർഷത്തെ GDP 6.9 ശതമാനമായിരിക്കുമെന്ന് വിലയിരുത്തുന്നതായി RBI ഗവർണർ സഞ്ജയ് മൽഹോത്ര മുംബൈയിൽ പറഞ്ഞു. പശ്ചിമേഷ്യൻ സംഘർഷഫലമായുണ്ടായ വിലക്കയറ്റം, പണപ്പെരുപ്പം 4.6 ശതമാനത്തിലേക്കെത്തിച്ചേക്കുമെന്നാണ് വിലയിരുത്തൽ.

✪✪✪

വന്ദേമാതരം ദേശീയ ഗീതത്തിന്റെ രചയിതാവ് ബങ്കിം ചന്ദ്ര ചതോപാധ്യായയുടെ ചരമവാർഷിക ദിനത്തിൽ ലോക്സഭാ സ്പീക്കർ ഓം ബിർള സ്മരണാഞ്ജലി അർപ്പിച്ചു. വന്ദേമാതര ഗീതത്തിലൂടെ അദ്ദേഹം ഭാരതമാതാവിന് മഹത്തായ ആരാധനാ മന്ത്രമാണ് നൽകിയതെന്നും, അത് രാജ്യത്തെ ഒരേ നൂലിൽ ഇഴചേർത്തെന്നും സ്പീക്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ മൊഹ്സിന കിദ്വായ് അന്തരിച്ചു. പുലർച്ചെ നോയിഡയിലായിരുന്നു 94 കാരിയായ അവരുടെ അന്ത്യം.

✪✪✪

പ്രാദേശിക തലത്തിൽ വളർച്ച ത്വരിതപ്പെടുത്തുന്നതിന് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ ഏകോപനം ആവശ്യമാണെന്ന് നിതി ആയോഗ് അഡീഷണൽ സെക്രട്ടറി രാജീവ് സിംഗ് താക്കൂർ പറഞ്ഞു. ന്യൂഡൽഹിയിൽ വെൽഡിംഗ് ആൻഡ് കട്ടിംഗ് ടെക്നോളജീസുമായി ബന്ധപ്പെട്ട സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

അമേരിക്കയ്ക്കും, ഇറാനുമിടയിലെ രണ്ടാഴ്ചത്തെ വെടിനിർത്തൽ ധാരണയെ ഐക്യരാഷ്ട്ര സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് സ്വാഗതം ചെയ്തു. സംഘർഷവുമായി ബന്ധപ്പെട്ട എല്ലാ രാജ്യങ്ങളും വെടിനിർത്തൽ കരാറും, അന്താരാഷ്ട്ര ധാരണകളും മാനിച്ച് പ്രവർത്തിക്കണമെന്ന് ഗുട്ടറസ് ആഹ്വാനം ചെയ്തു.

✪✪✪

അമേരിക്കയ്ക്കും ഇറാനുമിടയിലെ രണ്ടാഴ്ചത്തെ വെടിനിർത്തൽ പ്രഖ്യാപനത്തെത്തുടർന്ന് ഏഷ്യൻ ഓഹരി വിപണികളിൽ വൻ കുതിപ്പുണ്ടായി. ഹോർമൂസ് കടലിടുക്ക് വീണ്ടും തുറക്കുമെന്ന് അറിയിച്ചതോടെ ആഗോള എണ്ണവിലയും കുത്തനെ ഇടിഞ്ഞു.

✪✪✪

കൊച്ചിയിലെ സെന്റർ ഫോർ മറൈൻ ലിവിംഗ് റിസോഴ്സസ് ആന്റ് ഇക്കോളജിയെയും, പൂനെയിലെ നാഷണൽ ഫംഗൽ കളക്ഷനേയും സുക്ഷ്മ ജീവികളുടെ സൂക്ഷിപ്പുകേന്ദ്രങ്ങളായി കേന്ദ്രം വിജ്ഞാപനം ചെയ്തു. ജൈവ വൈവിദ്ധ്യ നിയമപ്രകാരം ജീവജാലങ്ങളുടെയും പുതുതായി കണ്ടെത്തുന്ന സ്പീഷിസുകളുടേയും സാമ്പിൾ സുരക്ഷിതമായി സംരക്ഷിക്കാനും സൂക്ഷിക്കാനുമാണ് നടപടി.

✪✪✪

തൃശൂർ പൂരത്തിന്റെ ആവേശത്തിന് തുടക്കം കുറിച്ച് പാറമേക്കാവ് വിഭാഗം മണികണ്ഠനാൽ പന്തലിന് കാൽ നാട്ടി.

തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്.

(വോയ്സ്...)

✪✪✪

**മധ്യവേനലവധി ആരംഭിച്ചതോടെ വിനോദസഞ്ചാര കേന്ദ്രമായ മൂന്നാറിലേക്ക് സഞ്ചാരികളുടെ പ്രവാഹം തുടങ്ങുന്നു.**

**ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ.**

**.....(വോയ്സ്)..................**

✪✪✪

**IPL ക്രിക്കറ്റിൽ ഇന്ന് ഡൽഹി ക്യാപിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. ഡൽഹിയിലെ അരുൺജെയ്റ്റ്ലി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.**

**ഇന്നലെ ഗോഹട്ടിയിൽ രാജസ്ഥാൻ റോയൽസ്, മുംബൈ ഇന്ത്യൻസിനെ 27 റൺസിന് തോൽപ്പിച്ചു.**

✪✪✪

**ISL ഫുട്ബോളിൽ നാളെ മുംബൈ സിറ്റി, ജംഷഡ്പൂർ FC-യെ നേരിടും. വൈകിട്ട് ഏഴരക്ക് ജംഷഡ്പൂരിലാണ് മത്സരം.**

✪✪✪

**മംഗോളിയയിലെ ഉലാൻബത്തറിൽ ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ വിജയക്കുതിപ്പ് തുടർന്ന് ഇന്ത്യ. ആറ് വനിതകളും രണ്ട് പുരുഷ താരങ്ങളുമടക്കം ഇന്ത്യയുടെ എട്ട് ബോക്സർമാർ ഫൈനലിൽ കടന്നു.**

✪✪✪

---

*News Editor & News Reader: വി കെ സുരേഷ്*
*News Team: അനിൽ ചന്ദ്രൻ, ഫസ്ന ഫാത്തിമ, രജിന കെ*
*DEO : ഷീബ*